"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി. അമല്യ. വി. ഗോപാൽ, ശ്രീ. ഇബിനു മഷൂദ്. എ. എന്നിവർക്ക് കരിയർ അഡ്വവാൻസ്മെന്റ് സ്കീം പ്രകാരം ഒന്നാം നോൺ കേഡർ പ്രൊമോഷൻ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.2346/2024/LSGD തീയതി,തിരുവനന്തപുരം, 02-12-2024

---

പരാമർശം:-
1. 29.08.2012-ലെ സ.ഉ.(പി) നം.536/2012/ധന നമ്പർ ഉത്തരവ്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.12.2021-ലെ ഇ3-8283/2020/സി.ഇ/തസ്വഭവ(1) നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി. അമല്യ. വി. ഗോപാൽ, ശ്രീ. ഇബിനു മഷൂദ്. എ, എന്നിവർക്ക് കരിയർ അഡ്വവാൻസ്മെന്റ് സ്കീം പ്രകാരം നോൺ കേഡർ പ്രൊമോഷൻ അനുവദിക്കണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 04.08.2012 -ൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയി സർവ്വീസിൽ പ്രവേശിച്ച ശ്രീമതി. അമല്യ. വി. ഗോപാൽ 8 വർഷ സേവനം 03.08.2020 തീയതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. 08.08.2012-ൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയി സർവ്വീസിൽ പ്രവേശിച്ച ശ്രീ. ഇബിനു മഷൂദ്. എ. ഗ്രേഡിനെ ബാധിക്കുന്ന തരത്തിൽ 9 ദിവസത്തെ LWA എടുത്തിരുന്നതിനാൽ കരിയർ അഡ്വാൻസ്മെന്റ് സ്കീമിന് യോഗ്യകാലമായ 8 വർഷ സേവനം 16.08.2020-നാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇവർക്ക്

സമയബന്ധിത ഹയർ ഗ്രേഡ് ഇതുവരെയും അനുവദിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ, അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി. അമല്യ. വി. ഗോപാൽ, ശ്രീ. ഇബിനു മഷൂദ്. എ, എന്നിവർ കരിയർ അഡ്വാൻസ്മെന്റ് സ്കീമിന് യോഗ്യകാലമായ 8 വർഷ സേവനം യഥാക്രമം 03.08.2020, 16.08.2020 തീയതികളിൽ പൂർത്തിയാക്കിയിട്ടുള്ളതിനാൽ പരാമർശം (1)-ലെ വ്യവസ്ഥകൾക്കും, കെ. എസ്. ആർ ഭാഗം I ചട്ടം 28 A യിലെ നിബന്ധനകൾക്കും വിധേയമായി ടിയാളുകൾക്ക് യഥാക്രമം 04.08.2020, 17.08.2020 തീയതി പ്രാബല്യത്തിൽ 59,300-1,20,900 രൂപ ശമ്പള സ്കെയിലിൽ, Career Advancement Scheme-ന് കീഴിൽ നോൺ കേഡർ പ്രമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUMI SANDIPIKA G MASTERLY

അണ്ടർ സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
3. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 02-12-2024 16:44:48
സെക്ഷൻ ഓഫീസർ